## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

15/02/2016 – ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1649

## കുടുംബശ്രീ ശാക്തീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.എം.എ.വാഹിദ്<br>ശ്രീ.പി.സി.വിഷ്ണുനാഥ് | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) നിലവിലുള്ള സർക്കാരിന്റെ കാലത്ത് 'കുടുംബശ്രീ' യെ ശാക്തീകരിക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) കുടുംബശ്രീയുടെ പ്രവർത്തനത്തെ ശാക്തീകരിക്കുന്നതിനു വേണ്ടി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br><br>1072 സിഡിഎസ്, 20196 എഡിഎസ്, 260376അയൽക്കൂട്ടങ്ങൾ, 44 ലക്ഷം മെമ്പർമാർ, മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ 1257 പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു<br><br>1200 കോടി രൂപ ബാങ്ക് ലിങ്കേജ് കഴിഞ്ഞ വർഷം നേടി<br><br>2762 കോടി രൂപ ത്രിഫ്റ്റ്, ആന്തരിക വായ്പ 9896 കോടി രൂപ നൽകി<br><br>കഴിഞ്ഞ 4 വർഷക്കാലത്തിനുള്ളിൽ 1846 പുതിയ സംരംഭങ്ങൾ ആരംഭിച്ചു<br><br>സാമൂഹ്യ സുരക്ഷതത്വം ഉറപ്പുവരുത്തുന്നതിനായി സ്ത്രീ സുരക്ഷാ ഭീമയോജന, ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി.<br><br>189742 അയൽക്കൂട്ടങ്ങൾ ഉണ്ടായിരുന്നത് കഴിഞ്ഞ 4 വർഷത്തിനിടയിൽ 2,60,000 ആയി വർദ്ധിച്ചു.<br><br>എംഎൽഎമാരുടെ നേതൃത്വത്തിൽ മണ്ഡലാടിസ്ഥാനത്തിൽ മോണിറ്ററിംഗ് & കോർഡിനേഷൻ കമ്മിറ്റിയും സംസ്ഥാനാടിസ്ഥാനത്തിൽ എംഎൽഎമാരുടെ നേതൃത്വത്തിൽ പ്രത്യേക കമ്മിറ്റിയും രൂപീകരിച്ച് പ്രവർത്തിക്കുന്നു.<br><br>2009-10-ൽ കുടുംബശ്രീക്ക് ബഡ്ജറ്റ് വിഹിതം 30 കോടി ആയിരുന്നത് 123 കോടി രൂപയായി വർദ്ധിപ്പിക്കാൻ സാധിച്ചു.<br><br>ആസ്ഥാന മന്ദിരം നിർമ്മിക്കുവാൻ 5 കോടി പ്രത്യേക സഹായം അനുവദിച്ചു<br><br>കൃഷി വകുപ്പ് ആസ്ഥാന മന്ദിരത്തിന് 50 സെന്റ് സ്ഥലം വാഗ്ദാനം ചെയ്തിട്ടുണ്ട്. |

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തീകരിച്ചു. (ഒന്നാം ഘട്ടം പൂർത്തീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ - 1043, ആശ്രയ ഗുണഭോക്താക്കൾ-82483, കുടുംബശ്രീ ചലഞ്ച് ഫണ്ട് ഇനത്തിൽ നൽകിയ തുക - 105.7 കോടി രൂപ, 100-ൽപരം ആശ്രയ തുടർസേവന പദ്ധതികൾ ആരംഭിച്ചു.

രണ്ടാം ഘട്ട ആശ്രയ പദ്ധതി 636 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ആരംഭിച്ചു. ആശ്രയ ചലഞ്ച് ഫണ്ട് 15 ലക്ഷത്തിൽ നിന്ന് 25 ലക്ഷമായി വർദ്ധിപ്പിച്ചു.

എസ്.റ്റി.മേഖലയിൽ 63 പ്രത്യേക ആശ്രയ പദ്ധതികൾ ആരംഭിച്ചു.

പഞ്ചായത്തുകളുമായി സഹകരിച്ച് ഹെൽപ്പ് ഡെസ്ക്, ഗ്രാമ കേന്ദ്രം/ സേവാ കേന്ദ്രം, പരസ്യനികുതി പിരിവ്, ഉത്പ്പനങ്ങളുടെ വിപണന കേന്ദ്രം എന്നിവ ആരംഭിക്കുന്നതിന് 31000 കുടുംബശ്രീ പ്രവർത്തകർക്ക് തൊഴിവസരം സൃഷ്ടിച്ചു.

63 ബഡ്സ് സ്കൂൾ കുടുംബശ്രീയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു.

118 ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുന്നതിന് കുടുംബശ്രീ ഗ്രാന്റ് 2 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.

30000 യുവതീയുവാക്കൾക്ക് തൊഴിലവസരം ഉണ്ടാക്കുന്നതിന് ഡിഡിയു-ജികെവൈ (ദിൻദയാൽ ഉപദ്ധ്യായ ഗ്രാമീൺ കൗശല്ല്യ യോജന) പദ്ധതി കുടുംബശ്രീയിലൂടെ ആരംഭിച്ചു.

972 ഫാർമേഴ്സ് ഫെസിലിറ്റി സെന്ററുകൾ ആരംഭിച്ചു.

216725 വനിതകളെ കൃഷിയിടങ്ങളിൽ എത്തിച്ചു. 38706 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തു, 10000 മാസ്റ്റർ ഫാർമേഴ്സ്, 61836 കൂട്ടുത്തരവാദിത്വ ഗ്രൂപ്പുകളും കുടുംബശ്രീയുടെ കാർഷിക മേഖലയിലെ നേട്ടങ്ങളാണ്.

മാധ്യമ അവബോധത്തിന് മീഡിയാശ്രീ പദ്ധതി ആരംഭിച്ചു.

വിധവകൾക്കും പ്രയാസം അനുഭവിക്കുന്നവർക്കുമുള്ള പ്രത്യേക തൊഴിൽ പദ്ധതിയായ പുനർജ്ജനി ആരംഭിച്ചു

അശരണരായവർക്കുള്ള പ്രത്യേക സഹായനിധി - സ്നേഹനിധി ആരംഭിച്ചു.

കിലയുമായി സഹകരിച്ച് കുടുംബശ്രീ സിഡിഎസ് ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ എന്നിവർക്കുള്ള പ്രത്യേക പരിശീലനം സംഘടിപ്പിച്ചു

6 ജില്ലകളിൽ സ്നേഹിത ഹെൽപ്പ് ഡെസ്ക് പദ്ധതി

ആരംഭിച്ചു

10 സംസ്ഥാനങ്ങളിൽ കുടുംബശ്രീ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിന് കുടുംബശ്രീയെ ദേശീയ റിസോഴ്സ് ഓർഗനൈസേഷനായി കേന്ദ്രസർക്കാർ അംഗീകരിച്ചു

19 പരിശീലന ഗ്രൂപ്പുകൾ പ്രവർത്തിച്ചു വരുന്നു.

300 എംഇസിമാർ കുടുംബശ്രീയുടെ ഭാഗമായി പ്രവർത്തിക്കുന്നു.

എത്യോപ്യ, ദക്ഷിണാഫ്രിക്ക എന്നീ രാജ്യങ്ങളിൽ കുടുംബശ്രീ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനുള്ള നടപടി പൂർത്തിയായി.

കമ്മ്യൂണിറ്റി കോൺട്രാക്ടിന് (5 ലക്ഷം രൂപ വരെയുള്ള പൊതുമരാമത്ത് പ്രവൃത്തികൾ) ഏറ്റെടുക്കുവാൻ പ്രത്യേക ഗ്രൂപ്പുകളെ ഉണ്ടാക്കുന്നതിനുള്ള നടപടി ആരംഭിച്ചു.

സിഡിഎസ് ചെയർപേഴ്സൺമാരുടെ ഓണറേറിയം 1500 ആയിരുന്നത് 5000 രൂപയാക്കി ഉയർത്താൻ തീരുമാനിച്ചു.

കുടുംബശ്രീ മികച്ച സിഡിഎസ്സുകളെ കണ്ടെത്താൻ ഇനി ഞങ്ങൾ പറയാം എന്ന റിയാലിറ്റി ഷോ നടത്തി.

കുടുംബശ്രീയുടെ നേതൃത്വത്തിൽ 4 ഉത്പാദക കൂട്ടായ്മകൾ ആരംഭിച്ചു.

കുടുംബശ്രീ പ്രവർത്തകർ ഉത്പാദിപ്പിക്കുന്ന കളുവണ്ടി, മൂന്നാർ സ്ട്രോബറി, അരി, അപ്പാരൽ, സോപ്പ്, ഡിറ്റർജന്റ്, വാഷിംഗ് പൗഡർ, അരിപ്പൊടി, ഗോതമ്പ്പൊടി, തുടങ്ങിയവയുടെ ബ്രാന്റിംഗിനുള്ള നടപടി സ്വീകരിച്ചു.

കേന്ദ്രസഹായത്തോടെ 4 സ്ഥലങ്ങളിൽ ജീവനോപാധി കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള നടപടി ആരംഭിച്ചു.

25,000 അയൽക്കൂട്ടങ്ങളെ മെന്റർ അയൽക്കൂട്ടങ്ങളാക്കി (മാർഗദർശകത്വം നൽകുന്ന) അയൽക്കൂട്ട പ്രവർത്തനങ്ങളിൽ മെന്റർ അയൽക്കൂട്ടങ്ങളെ ഉപയോഗിച്ച് പ്രത്യേക പരിശീലന പരിപാടി ആരംഭിച്ചു.

തിരുവനന്തപുരം ആർ.സി.സിയുടെ സഹായത്തോടെ പത്തനംതിട്ട ജില്ലയിൽ കാൻസർ ബോധവൽക്കരണ പദ്ധതി ആരംഭിച്ചു.

തീരദേശ മേഖലയിൽ സാഗരശ്രീ പദ്ധതി നടപ്പിലാക്കുന്നു.

കമ്മ്യൂണിറ്റി തിയേറ്റർ മേഖലാടിസ്ഥാനത്തിൽ രൂപീകരിച്ചു.

ആദിവാസികളുടെ മനസ്സറിഞ്ഞ് സൂക്ഷ്മതല ആസൂത്രണ പ്രക്രിയ ആരംഭിച്ചു.

സഹകരണ ബാങ്കുകളിലൂടെയുള്ള ഭവനശ്രീ പദ്ധതി ലോൺ തുക സർക്കാർ ഏറ്റെടുത്ത് ഒന്നാംഘട്ടമായി 9.47

ക്കോടി രൂപ നൽകി. രണ്ടാം ഗഡു 4.92 കോടി രൂപ ഉടൻ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു.

എല്ലാ സിഡിഎസുകളിലും പ്രവർത്തിക്കുന്ന അക്കൗണ്ടന്റുമാർക്ക് പ്രതിമാസം ഓണറേറിയം 8000 രൂപയായി വർദ്ധിപ്പിച്ചു.

കേന്ദ്രസർക്കാരിന്റെ നഗര-ഗ്രാമ ഉപജീവന മിഷനുകളിൽ നോഡൽ ഏജൻസിയായി കുടുംബശ്രീയെ നിയോഗിച്ചു.

1072 സിഡിഎസുകളിൽ 13 ലക്ഷം വനിതാ നേതാക്കന്മാർ 26 ജനുവരി 2015 ൽ അധികാരമേറ്റു. പരാതിരഹിത തെരഞ്ഞെടുപ്പ് നടത്തിയത് ഏകീകൃത ചട്ടം ഉണ്ടാക്കിയാണ്.

പലിശ സബ്സിഡി പ്രകാരം അയൽക്കൂട്ടങ്ങൾക്ക് 7% പലിശയ്ക്ക് ഒരുലക്ഷം രൂപ വരെ ഈടില്ലാതെ വായ്പ ലഭിക്കുന്നു. (പാലക്കാട്, മലപ്പുറം ജില്ലകളിൽ 30 ലക്ഷം രൂപ വരെയാണ്).

ഐറ്റി മേഖലയിലെ സജീവ സാന്നിദ്ധ്യമായി 62 കുടുംബശ്രീ ഐറ്റി യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

337 അമൃതം ന്യൂട്രിമിക്സ് മൈക്രോ സംരംഭങ്ങൾ 2000 കുടുംബശ്രീ പ്രവർത്തകരുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു. (6 മാസം മുതൽ 3 വയസ് വരെയുള്ള അംഗൻവാടി കുട്ടികൾക്കുള്ള പൂരക പോഷകാഹാരമാണ് അമൃതം).

ന്യൂട്രിമിക്സ് മൈക്രോ ന്യൂട്രിയന്റ് ഫോർട്ടിഫിക്കേഷൻ പൈലറ്റ് പ്രോജക്ടായി വയനാട് ജില്ലയിൽ നടത്തുന്നു.

ആരോഗ്യ മേഖലയിൽ 270 സാന്ത്വനം വോളണ്ടിയർ പ്രവർത്തിക്കുന്നു.

അഞ്ഞൂറോളം കാന്റീൻ കാറ്ററിങ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

കുടുംബശ്രീ ട്രാവൽസ് നല്ല നിലയിൽ തിരുവനന്തപുരം, എറണാകുളം, കോട്ടയം എന്നീ ജില്ലകളിൽ പ്രവർത്തിക്കുന്നു.

മലപ്പുറത്ത് കുടുംബശ്രീയുടെ നേതൃത്വത്തിൽ മലപ്പുറം നഗരസഭയുടെ സഹായത്തോടെ കുടിവെള്ള യൂണിറ്റ് ആരംഭിച്ചു.

എറണാകുളം റെയിൽവേ സ്റ്റേഷനോട് ചേർന്ന് കുടുംബശ്രീ റിസർവ്വേഷൻ കൗണ്ടറും, എറണാകുളം, വർക്കല, തൃശൂർ, തൃപ്പൂണിത്തുറ എന്നീ സ്ഥലത്ത് കുടുംബശ്രീ റെയിൽവേ പാർക്കിംഗ് ഏറ്റെടുത്ത് നടത്തുന്നു.

കൊച്ചി മെട്രോയിൽ കുടുംബശ്രീക്ക് സേവനമേഖലയിൽ പ്രധാന റോൾ.

ഇ-കേറ്ററിംഗ് മേഖലയിൽ റെയിൽവേയുമായി സഹകരിച്ച് എറണാകുളം റെയിൽവേ സ്റ്റേഷനിൽ നിന്ന്

യാത്രക്കാരക്ക് ഭക്ഷണം ലഭ്യമാക്കുന്ന പദ്ധതി ആരംഭിച്ചു.

എറണാകുളത്ത് വനിത കൺസ്ട്രക്ഷൻ ഗ്രൂപ്പ് പ്രവർത്തിക്കുന്നു. ഒരു കെട്ടിടം നിർമ്മിക്കാൻ ആവശ്യമുള്ള മുഴുവൻ പ്രവർത്തികളും ഏറ്റെടുത്ത് നടത്തുന്ന ഗ്രൂപ്പുകൾ.

കാസർഗോഡ് ജില്ലയിൽ സഫലം കശുവണ്ടി സംസ്കരണ സമിതി കുടുംബശ്രീ പ്രവർത്തകരുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു.

കഫേശ്രീ എന്ന പേരിൽ 14 ജില്ലകളിൽ റെസ്റ്റോറന്റ് ആരംഭിക്കുന്നതിന്റെ ഭാഗമായി ആധുനിക രീതിയിലുള്ള കഫേശ്രീ - തൃശൂർ ചാവക്കാട് ആരംഭിച്ചു.

ചാരുത എന്ന ബ്രാന്റിൽ 19 ഹാന്റി ക്രാഫ്റ്റ് ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തിച്ചു.

അലങ്കാര മത്സ്യ കർഷകരെ അണിനിരത്തി ഗ്രാമശ്രീ ഉൽപ്പാദക സൊസൈറ്റി രൂപീകരിച്ചു.

കുടുംബശ്രീയുടെ നേതൃത്വത്തിൽ TISS മായി സഹകരിച്ച് കമ്മ്യൂണിറ്റി കോളജ് ആരംഭിച്ചു.

അദാലത്തുകൾ സംഘടിപ്പിച്ച കുറ്റമറ്റ പരാതിരഹിത സിഡിഎസ് പ്രവർത്തനം

77 സിഡിഎസ്സുകളിൽ ക്രൈം മാപ്പിംഗ് നടത്തി

പൈലറ്റായി കുട്ടികളുടെ ക്രൈമാപ്പിംഗ് ആരംഭിച്ചു

സാമ്പത്തിക സാക്ഷരത കുട്ടികളിൽ എത്തിക്കുന്നതിന് പ്രത്യേക പദ്ധതി പാലക്കാട് ജില്ലയിൽ നടത്തി

അട്ടപ്പാടിയിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ പ്രത്യേക പദ്ധതി ആരംഭിച്ചു.

കുടുംബശ്രീ ആദ്യമായി ദാരിദ്ര്യം, സ്ത്രീ ശാക്തീകരണം, തദ്ദേശ സ്വയംഭരണം എന്നീ വിഷയങ്ങളിൽന്തർദേശീയ അന്തർദേശീയ സമ്മേളനം സംഘടിപ്പിച്ചു.

എല്ലാ സിഡിഎസ്സുകളിലും ജെന്റർ കോർണർ

6.5 ലക്ഷം കുട്ടികൾ അംഗങ്ങളായ ബാലസഭ.

സ്ത്രീശക്തി പോർട്ടൽ- സ്ത്രീകളുടെ വിജ്ഞാനത്തിനും ചർച്ചകൾക്കുമുള്ള വേദിയായി പരിണമിച്ചു.

ഡൽഹി ഐഐടിഎഫ് 2015 മേളയിൽ കുടുംബശ്രീക്ക് സ്വർണ്ണമെഡൽ ലഭിച്ചു

## പട്ടികവർഗ്ഗ മേഖല

പട്ടിക വർഗ്ഗകാരെ മാത്രം ഉൾക്കൊള്ളിച്ചകൊണ്ടുള്ള അയൽക്കൂട്ട രൂപീകരണവും അയൽക്കൂട്ടങ്ങൾക്ക് 10,000 രൂപ വീതം പ്രാരംഭ

പ്രവർത്തനങ്ങൾക്കുള്ള കോർപ്പസ് ഫണ്ടായി നൽകിവരുന്നു.

പൊതു ബാലസഭ പോലെ തന്നെ പട്ടിക വർഗ്ഗക്കാർക്കു വേണ്ടി മാത്രം പ്രത്യേക ബാലസഭ രൂപീകരണവും തുടർ പ്രവർത്തനവും പ്രത്യേക ക്യാമ്പുകളും

വൈദഗ്ദ്ധ്യ പരിശീലനം സ്റ്റൈപ്പന്റോടു കൂടി ഗുണഭോക്താക്കൾക്ക് നൽകിവരുന്നു.

വിവിധ വകുപ്പുകളുടെ സഹായത്തോടെ ഊരു അദാലത്തുകൾ സംഘടിപ്പിക്കുന്നു,

പൂരകപോഷണം- കുട്ടികൾ, ഗർഭിണികൾ, വൃദ്ധർ തുടങ്ങിയവർക്ക് നൽകി വരുന്നു.

സമഗ്ര-കായിക-മാനസിക-ആരോഗ്യ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നു.

ബോധവൽക്കരണ ക്ലാസുകളും മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിച്ചുവരുന്നു.

സംഘകൃഷി ഗ്രൂപ്പുകൾക്കുള്ള കോർപ്പസ് ഫണ്ട് വിതരണം

പ്രമോട്ടർ, ഊരു മൂപ്പൻ എന്നിവർക്കുള്ള കുടുംബശ്രീ സംബന്ധമായ പരിശീലനം

സാക്ഷരതാ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

പട്ടിക വർഗ്ഗ വിഭാഗക്കാർ മാത്രം ഉൾപ്പെടുന്ന പരിശീലന സംരംഭ പ്രവർത്തന സഹായ ഗ്രൂപ്പുകൾ

ആദിവാസി ഗോത്ര കലാ-സാംസ്കാരിക ഗ്രൂപ്പുകളുടെ രൂപീകരണം, കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ.

ആദിവാസി മേഖലയിലെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുവേണ്ടി പ്രത്യേക കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺമാരെ നിലനിർത്തൽ.

മേൽപറഞ്ഞ പ്രകാരമുള്ള പ്രവർത്തനങ്ങൾ പട്ടിക വർഗ്ഗമേഖലയിൽ കുടുംബശ്രീ മുഖേന നടത്തിവരുന്നു.

| | |
|---|---|
| (ബി) ആയതിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ; | (ബി) കുടുംബശ്രീ സിഡിഎസ് ബൈലോ 6 പ്രകാരമുള്ള ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു. |

**ഉദ്ദേശ്യലക്ഷ്യങ്ങൾ**

6.1 കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, ഏരിയാ ഡവലപ്മെന്റ് സൊസൈറ്റികൾ, കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റി എന്നീ ത്രിതല സാമൂഹ്യാധിഷ്ഠിത സംഘടനാ സംവിധാനത്തിലൂടെ സ്ത്രീ ശാക്തീകരണത്തിനും പ്രാദേശിക സാമ്പത്തിക വികസനത്തിനും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും വേണ്ടി പ്രവർത്തിക്കുക.

6.2 ഗ്രാമ പഞ്ചായത്ത്/നഗരസഭാ തദ്ദേശഭരണ പ്രദേശത്തു പ്രവർത്തിക്കുന്ന/സമാരംഭിക്കുന്ന കുടുംബശ്രീ അയൽക്കൂട്ടങ്ങളുടേയും (എൻ.എച്ച്.ജി.) ഏരിയാ ഡവലപ്മെന്റ് സൊസൈറ്റികളുടേയും (എ.ഡി.എസ്.) ഏകോപനവും വ്യാപനവും മോണിറ്ററിംഗും നടത്തുക.

6.3 കുടുംബശ്രീ അയൽക്കൂട്ട കുടുംബങ്ങളുടെ സാമൂഹ്യവും സാമ്പത്തികവുംസാംസ്കാരികവും മാനസ്സികവുമായ പുരോഗതിക്കായി ഒരു അപ്പക്സ് സന്നദ്ധ സംഘമായി പ്രവർത്തിക്കുക.

6.4 പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് തുടങ്ങിയ പ്രവർത്തനങ്ങളിൽ കമ്മ്യൂണിറ്റി മോണിറ്ററിംഗ് ഏജൻസിയായി പ്രവർത്തിക്കുക.

6.5 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണത്തിനും സദ്ഭരണത്തിനും വേണ്ടി നടക്കുന്ന പ്രവർത്തനങ്ങളിൽ പങ്കാളിത്തം വഹിക്കുക.

6.6 പ്രാദേശിക ആസൂത്രണം ശക്തിപ്പെടുത്തുവാനും ഗുണനിലവാരം ഉയർത്തുന്നതിനുമായി നടത്തുന്ന പ്രവർത്തനങ്ങളിൽ പങ്കാളിത്തം വഹിക്കുക.

6.7 പ്രാദേശിക സാമ്പത്തിക വികസനം, ദാരിദ്ര്യ നിർമ്മാർജ്ജനം, വനിതാ ഘടക പദ്ധതി, സ്ത്രീ ശാക്തീകരണം, സദ്ഭരണം തുടങ്ങിയ രംഗങ്ങളിലെ വികസനാസൂത്രണത്തിൽ നേതൃത്വപരമായ പങ്കാളിത്തം വഹിക്കുക.

6.8 തദ്ദേശ സ്വയംഭരണ സർക്കാർ ഏൽപ്പിക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളും വനിതാ ക്ഷേമ പദ്ധതികളും നടപ്പാക്കി ഉപജീവന സൗകര്യം അയൽക്കൂട്ടാംങ്ങൾക്ക് ഉണ്ടാക്കി സാമൂഹ്യമായി ഉയർന്ന് വരുന്ന മദ്യാസക്തി, കൊള്ളപലിശ, എന്നിവക്കെതിരെ ചലനാത്മകതയുള്ള സമീപനം സ്വീകരിച്ച് സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിതത്വം ഉറപ്പാക്കുക. 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് അവരുടെ വളർച്ചയ്ക്ക് വിഘാതമായി കാണുന്ന എല്ലാ ഘടകങ്ങളെയും ഇല്ലാതാക്കി സമഗ്രമായ വളർച്ചയ്ക്കു വേണ്ടി പ്രവർത്തിക്കുക.

6.9 അയൽക്കൂട്ട തലത്തിൽ മിതവ്യയ സമ്പാദ്യ/ വായ്പാ പരിപാടികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് നേതൃത്വം നൽകുക.

6.10 സി.ഡി.എസ്. പ്രതിനിധാനം ചെയ്യുന്ന ഭൂപ്രദേശത്തിന്റെ പൊതുവേയും അയൽക്കൂട്ട കുടുംബങ്ങളുടെ പ്രത്യേകിച്ചുമുള്ള സ്വാശ്രയത്വത്തിന് ഉതകുന്ന തരത്തിൽ സാമൂഹിക സാമ്പത്തിക സൗകര്യങ്ങൾ പ്രാപ്തമാക്കുന്നതിനുള്ള സർക്കാർ വകുപ്പുകൾ, അംഗീകൃത സ്ഥാപനങ്ങൾ, സർക്കാർ വികസന ഏജൻസികൾ, ധനകാര്യ സ്ഥാപനങ്ങൾ മുതലായവയുമായി അയൽക്കൂട്ടങ്ങളെ ബന്ധപ്പെടുത്തുവാനും, സഹകരണ സ്ഥാപനങ്ങളുടെ ഓഹരികൾ വാങ്ങുന്നതിനും നിക്ഷേപങ്ങൾ നടത്തുന്നതിനും വായ്പയെടുക്കുന്നതിനും സഹായിക്കുക.

6.11 അയൽക്കൂട്ടാംഗങ്ങളെ സ്വയം തൊഴിൽ

സംരംഭങ്ങൾ കണ്ടെത്തുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും പ്രോത്സാഹനവും സഹായവും നല്കുക.

6.12 സാമൂഹിക സാമ്പത്തിക ശാക്തീകരണത്തിന് ഉതകുന്ന തരത്തിൽ ആശയപരവും സാങ്കേതികവുമായ പരിശീലനങ്ങൾ അംഗ കുടുംബാംഗങ്ങൾക്ക് ലഭ്യമാക്കുക.

6.13 പ്രാദേശിക സാമ്പത്തിക വികസനത്തിന് ഉതകുന്ന പ്രവർത്തനങ്ങൾ നേരിട്ട് ഏറ്റെടുത്ത് പ്രായോഗികമാക്കുക.

6.14 ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർ, പാരാപ്ലീജിയ രോഗികൾ, എച്ച്ഐവി- എയ്ഡ്സ് രോഗികൾ, കുട്ടികൾ തുടങ്ങിയവരുടെ അവകാശങ്ങളും സാമൂഹ്യനീതിയും ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുക.

| | | | |
|---|---|---|---|
| (സി) | പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ? | (സി) | ബഹു. പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി ചെയർമാനായും, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വൈസ് ചെയർമാനായും ഗവേണിംഗ് ബോഡിയും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഐഎഎസ് തലത്തിലുള്ള ഒരു എക്സിക്യൂട്ടീവ് ഡയറക്ടറുടെ നേതൃത്വത്തിൽ സംസ്ഥാന മിഷനും, 14 ജില്ലകളിലായി ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാരുടെ നേതൃത്വത്തിൽ 14 ജില്ലാ മിഷനുകളും പ്രവർത്തിച്ചു വരുന്നുണ്ട്. മണ്ഡല അടിസ്ഥാനത്തിൽ എംഎൽഎ മാർ അടങ്ങിയ കമ്മിറ്റിയും, തദ്ദേശ ഭരണ തലത്തിൽ കുടുംബശ്രീ സിഡിഎസ് വിലയിരുത്തൽ സമിതിയും പ്രവർത്തിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.